GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/07/2026

1) കർഷക സുരക്ഷയും വിള സംരക്ഷണവും ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (WBCIS) – ഖരീഫ് 2026 സീസൺ അപേക്ഷ ക്ഷണിച്ചു. അർഹതപ്പെട്ട കർഷകർക്ക് അംഗീകൃത ഏജൻസികളിലൂടെയോ ഔദ്യോഗിക ഓൺലൈൻ പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷയ്ക്കുമായി കർഷകർക്ക് അംഗീകൃത ഏജൻസിയായ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടുകയോ, ഔദ്യോഗിക ഓൺലൈൻ പോർട്ടൽ ആയ https://pmfby.gov.in സന്ദർശിക്കുകയോ, 1800-425-7064 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കുകയോ ചെയ്യുക. അപേക്ഷ

സമർപ്പിച്ച ശേഷം ലഭിക്കുന്ന പോളിസി കോപ്പി പരിശോധിച്ച് പ്രീമിയം തുക, ഇൻഷുറൻസ് ചെയ്ത പഞ്ചായത്ത്, വിളയുടെ പേര് എന്നിവ കൃത്യമാണോയെന്ന് ഉറപ്പുവരുത്തി സൂക്ഷിക്കേണ്ടതാണ്. ഈ വർഷത്തെ ആദ്യ സീസണായ ഖാരിഫിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയം ജൂലൈ 31 വരെ നീട്ടി. വിള ഇൻഷുറൻസ് ഏജൻറുമാർ, സി.എസ്.സി. എന്നിവ വഴി കർഷകർക്ക് രജിസ്റ്റർ ചെയ്യാം. ബാങ്ക് വായ്പയെടുത്ത കർഷകർക്ക് ബാങ്ക് മുഖാന്തരം ഓഗസ്റ്റ് 15 വരെ അപേക്ഷിക്കാം.

2) വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗം പഴം- പച്ചക്കറി സംസ്കരണം എന്ന വിഷയത്തിൽ ഓഗസ്റ്റ് 4ന് പരിശീലന പരിപാടി നടത്തും. കൂടുതൽ വിവരങ്ങൾക്ക് 8089076698 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള ബീകീപ്പിങ് ട്രെയിനിങ് കോഴ്സിലേക്ക് അപേക്ഷിക്കാം. യോഗ്യത എസ്എസ്എൽസി/ തത്തുല്യം. പ്രായപരിധി 18–30. കോഴ്സ് ഫീസ് 30,000 രൂപ. അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 31. അപേക്ഷ khadi.kerala.gov.in ൽ സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക് 9747321760 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മൂന്ന് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. മലയാളം ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി 2026 ആഗസ്റ്റ് 17 ആണ്. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങള് www.celkau.in വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com എന്ന ഇ-മെയിൽ വഴിയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

5) 2026-27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ** ഉൾപ്പെടുത്തി ധനസഹായം നൽകുന്നു.

a) കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം:- ഉത്പാദനക്ഷമത കുറഞ്ഞതും പ്രായമേറിയതും രോഗബാധിതവുമായ വള്ളികൾ/ശാഖകൾ വെട്ടിമാറ്റി പകരം അത്യുത്പാദന ശേഷിയുള്ള പുതിയ തൈകൾ നട്ടുപിടിപ്പിച്ച് ശാസ്ത്രീയമായ കൃഷി രീതികൾ ആവിഷ്ക്കരിക്കുന്നതിന് ധനസഹായം നൽകുന്നു. ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 24,000 രൂപ ധനസഹായമായി നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണം നടത്തുന്നതിനാണ് ധനസഹായം നൽകുന്നത്. കുരുമുളക്, കൊക്കോ, മാവ്, ജാതി, കശുമാവ് മുതലായ വിളകളുടെ പുനരുദ്ദാരണം നടത്തുന്നതിനായിട്ടാണ് ധനസഹായം നല്കുന്നത്.

b) ജൈവകൃഷി:- 30'x8'x2.5' വിസ്തീർണ്ണമുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 50,000/- രൂപ ധനസഹായം നൽകുന്നു.

മേൽ ആനുകൂല്യങ്ങൾ എല്ലാം തന്നെ അതാതു ജില്ലയിലെ ജില്ല ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.

6) **“ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം”** പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ചാത്തന്നൂർ ബ്ലോക്കിൽ ഉൾപ്പെട്ട ചാത്തന്നൂർ, ചിറക്കര, കല്ലുവാതുക്കൽ, നെടുമ്പന, ആദിച്ചനല്ലൂർ, പരവൂർ, പൂതക്കുളം എന്നീ കൃഷി ഭവനുകളിൽ ഹൈബ്രിഡ് പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായി ലഭ്യമാണ്. മേൽപ്പറഞ്ഞ കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. 10 സെന്റ് സ്ഥലത്തെങ്കിലും കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ നികുതിച്ചീട്ട് സഹിതം അതാത് കൃഷി ഭവനുകളുമായി ബന്ധപ്പെടണമെന്ന് ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീവത്സ പി ശ്രീനിവാസൻ അറിയിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9497780634.

7) ഇന്ത്യാ ഗവൺമെന്റ് ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിനു കീഴിലുള്ള, തഞ്ചാവൂർ_നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രെണർഷിപ്പ് ആൻഡ് മാനേജ്മെന്റിൽ വെച്ച് 2026 ഓഗസ്റ്റ് 10 മുതൽ ഓഗസ്റ്റ് 14 വരെ **മില്ലറ്റ് പ്രോഡക്റ്റ് പ്രോസസ്സർ** ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടി (STSTP) അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് https://niftem-t.ac.in/mppr.php എന്ന വെബ് സൈറ്റ് സന്ദർശിക്കുക.